ഗൃഹേഷു യേഷ്വതിഥയോ നാർച്ചിതാ: സലിലൈരപി
യദി നിര്യാന്തി തേ നൂനം ഫേരുരാജഗൃഹോപമാ: **(8–16–7)**

*ശുകമുനി തുടർന്നു:*
ഇന്ദ്രൻെറ മാതാവായ അദിതിക്ക് മകൻെറ പരാജയം മൂലം മനോദു:ഖമുണ്ടായി. ഈ സമയം തൻെറ ഭർത്താവായ കശ്യപമുനി തീവ്രസമാധിയിൽനിന്നും പുറത്തുവന്ന സമയമായിരുന്നു. ഉൻമേഷമില്ലാത്ത മുഖത്തോടുകൂടി ഭാര്യയേയും ചൈതന്യമില്ലാത്ത ഗൃഹാന്തരീക്ഷവും കണ്ട കശ്യപൻ ചോദിച്ചു.:

നമ്മുടെ ധാർമ്മിക കടമകൾ എൻെറ അസാന്നിദ്ധ്യത്തിൽ നീ അവഗണിച്ചുവോ? നിത്യവും യാഗാഗ്നി കൊളുത്തുന്നതിൽ വല്ല വീഴ്ച്ചയുമുണ്ടായോ? വാതിൽക്കൽ വന്നുമുട്ടിയ ഏതെങ്കിലും അപരിചിതർക്ക് ദാഹജലം പോലും നൽകാതെ വന്നുവോ? അങ്ങിനെ സംഭവിക്കുന്ന വീടുകൾ ചെന്നായ്ക്കളുടെ ഗുഹയ്ക്കു സമമാണ്. നിൻെറ കുട്ടികൾക്ക് സുഖം തന്നേയൊ?

മറുപടിയായി, താൻ ധർമ്മനിഷ്ഠകളും കടമകളും ഭംഗിയായിത്തന്നെ നിറവേറ്റുന്നുണ്ടെന്നും അസുരന്മാർ തൻെറ മക്കളുടെ മേൽ വിജയിച്ചിരിക്കുന്നതാണ് ദു:ഖകാരണമെന്നും അദിതി പറഞ്ഞു. – ഈ രാക്ഷസവർഗ്ഗത്തെ പരാജയപ്പെടുത്താനൊരു മാർഗ്ഗം കണ്ടുപിടിച്ചു തന്നാലും.

ഭഗവാൻെറ മായാശക്തിയിൽ വിസ്മയം പൂണ്ട കശ്യപമുനി മനുഷ്യരുടെ സത്യദർശനം മായാശക്തി കൊണ്ട് എങ്ങിനെയൊക്കെയാണ് മൂടുന്നതെന്ന് ചിന്തിച്ചു. മായാബന്ധങ്ങളോട് - ഭർത്താവ്, കുട്ടികൾ, കുടുംബം എന്നിവയോട് - ആസക്തി പൂണ്ട്, അനന്തവും നിത്യവുമായ പരമാത്മാവിനെ, നശ്വരമായ ദേഹമായി തെറ്റിദ്ധരിക്കുന്നു. എങ്കിലും അദ്ദേഹം പറഞ്ഞു: നിൻെറ ആഗ്രഹസഫലീകരണത്തിനായി ഞാൻ –പയോവ്രതം– എന്ന ഒരു ആചരണം പറഞ്ഞു തരാം. ഇത് ഭഗവൽപ്രീതിയുണ്ടാക്കുകയും നിൻെറ സദാഗ്രഹങ്ങളെ പൂർത്തീകരിക്കുകയും ചെയ്യും.

ഈ വ്രതം ഫാൽഗുനമാസത്തിലെ പൗർണ്ണമിമുതൽ തുടങ്ങാവുന്നതാണ്. ദിവസവും മൂന്നുനേരം പ്രാർത്ഥന കളോടെ ദേഹത്ത് മണ്ണുരച്ചു തേച്ചു കുളിക്കണം. എന്നിട്ട് ഭഗവാൻെറ മഹിമയേറിയ വിവിധരൂപങ്ങളെ പ്രകീർത്തിച്ചു പ്രാർത്ഥിച്ച് മന്ത്രമുരുവിടണം. എന്നിട്ട് ഭഗവാനെ പൂജിക്കണം. സ്നാനം, നിവേദ്യം എന്നീ പൂജാവിധികൾ വഴിയാംവണ്ണം അനുഷ്ഠിക്കണം. അതേ അന്നം കൊണ്ട് കുറച്ച് ഭക്തരെ ഊട്ടുകയും രണ്ടു ബ്രാഹ്മണരെ പാൽക്കഞ്ഞിയൂട്ടുകയും വേണം. തൻെറ ബന്ധുമിത്രാദികളേയും സൽക്കരിക്കണം.

ഇത് പന്ത്രണ്ട് ദിവസം മുടങ്ങാതെ ചെയ്യുകയും ബ്രഹ്മചര്യനിഷ്ഠ അനുഷ്ടിക്കുകയും ചെയ്യണം. വെറും നിലത്തു കിടന്നുറങ്ങി, ആരുമായും അനാവശ്യസംഭാഷണങ്ങളിലേപ്പെ്ടാതെ, പാലുമാത്രം ആഹാരമാക്കി ജീവിക്കണം.

പതിമൂന്നാമത്തെ ദിവസം സാധാരണ പൂജയും അവസാനം അഗ്നി പൂജയും വേണം. മഹാത്മാക്കൾക്ക് കയ്യയച്ച് ദാനം ചെയ്യണം. വലുപ്പചെറുപ്പമില്ലാതെ എല്ലാവർക്കും അന്നദാനം ചെയ്ത് സംതൃപ്തരാക്കണം. പ്രത്യേകിച്ച് അശരണർക്കും രോഗികൾക്കും, അസംതൃപ്തരായവർക്കും തൃപ്തി കൈവരുത്താൻ ശ്രമിക്കണം. ഇങ്ങിനെ ചെയ്യുന്നതിൽ ഭഗവൽപ്രീതിയിണ്ടാവുമെന്ന് അറിയുക. എന്നിട്ട് വ്രതനിഷ്ഠൻ തൻെറ ഉപവാസം അവസാനിപ്പിക്കണം.

ഈ വ്രതം ഏറ്റവും ഫലപ്രദമായ ഒന്നത്രെ. ഒരുവനാഗ്രഹിക്കുന്ന ഏത് ആഗ്രഹവും ലഭ്യമാക്കാൻ ശക്തിയുള്ളതാണ് പയോവ്രതം. അതുകൊണ്ട് പയോവ്രതമനുഷ്ടിച്ച് നിൻെറ ആഗ്രഹം സാധിച്ചാലും.